## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1820** 15.07.2016-ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിലെ പണിപൂർത്തീകരിക്കാത്ത വീടുകൾ

**ചോദ്യം**
ശ്രീ.പി.വി.അൻവർ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസി മേഖലയിൽ വിവിധ കാരണങ്ങളാൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അത്തരം വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | എ) | 2014-15, 2015-16 വർഷങ്ങളിൽ ഒട്ടാകെ 33652 വീടുകൾ അനുവദിച്ചതിൽ 384 വീടുകൾ മാത്രമേ പൂർത്തീകരിക്കാനായിട്ടുള്ളു. സ്പിൽ ഓവർ ആയ വീടുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗതാഗത യോഗ്യമല്ലാത്ത വനമേഖലകളിൽ ആയതിനാലും, സാധന സാമഗ്രികളുടെ ദൗർലഭ്യം മൂലവും നിർമ്മാണ തൊഴിലാളികളുടെ അഭാവവും സമയത്തിന് ഫണ്ട് ലഭ്യമാകാത്തത് മൂലവും വീട് പണി വൈകുന്നുണ്ട്. ഒട്ടും പൂർത്തീകരിക്കാനാവാതെ കിടക്കുന്ന, മുൻകാലത്ത് അനുവദിച്ച വീടുകൾക്ക് അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരു ലക്ഷം രൂപ വരെ പ്രത്യേക സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ